"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ് - ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിലെ ചീഫ് പ്ലാനർ (ഹൗസിംഗ്) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ഡോ. പത്മകുമാർ ജി.പി. യുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.56/2024/HSG തീയതി,തിരുവനന്തപുരം, 05-10-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.81/2023/HSG തീയതി 27.09.2023

2. ഹൗസിംഗ് കമ്മീഷണറുടെ 18.09.2024 തീയതിയിലെ എ/1031/2023/എച്ച്.സി. നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. പത്മകുമാർ ജി.പി. യെ ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിലെ ചീഫ് പ്ലാനർ (ഹൗസിംഗ്) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (1) പ്രകാരം നിയമനം നൽകി ഉത്തരവായിരുന്നു. 05.10.2023 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ഡോ.പത്മകുമാർ ജി.പി. യുടെ അന്യത്ര സേവന കാലാവധി 04.10.2024 - ൽ അവസാനിക്കുന്നതിനാൽ ചീഫ് പ്ലാനർ (ഹൗസിംഗ്) തസ്തികയിൽ ടിയാളുടെ സേവനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ഹൗസിംഗ് കമ്മീഷണർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിലെ ചീഫ് പ്ലാനർ (ഹൗസിംഗ്) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന ഡോ. പത്മകുമാർ.ജി.പി.യുടെ അന്യത്ര സേവന കാലാവധി 05.10.2024 മുതൽ ഒരു വർഷത്തേക്ക് കൂടി, അന്യത്ര സേവനത്തിനുള്ള പൊതു മാനദണ്ഡങ്ങൾക്ക് വിധേയമായി, ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

തരുൺ ലാൽ.എസ്

അഡിഷണൽ സെക്രട്ടറി

ഡോ. പത്മകുമാർ. ജി.പി., ചീഫ് പ്ലാനർ (ഹൗസിംഗ്), ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം

ഹൗസിംഗ് കമ്മീഷണർ, ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം.

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ, ഗവഃ എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 05-10-2024 15:13:36

പകർപ്പ് :-

ബഹു. റവന്യൂ - ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്